# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1419      30.01.2018 -ൽ മറുപടിക്ക്

## വില്ലേജാഫീസുകൾ സ്മാർട്ട് ആക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത് : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വില്ലേജാഫീസുകൾ സ്മാർട്ട് ആക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തൊക്കെ ആധുനിക സൗകര്യങ്ങളാണ് ഓരോ ഓഫീസിലും ഒരുക്കുന്നത്; വിശദാംശം നൽകുമോ; | (ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. അതിൻ പ്രകാരം ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കും. പൊതുജനങ്ങൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും കുടിവെള്ളം ലഭ്യമാക്കുന്നതിനും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ ഇ-ഗവേണൻസ് വഴി സേവനം ലഭ്യമാക്കും. വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെ വച്ചും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യങ്ങളാണ് ഒരുക്കുന്നത്. |
| (സി) സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി നൽകുന്ന പദ്ധതി ഇതിനകം എല്ലാ വില്ലേജാഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ടോ; | (സി) ഉണ്ട്. ലാൻഡ് റവന്യൂ വകുപ്പിൽ നിന്നും നൽകി വരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിൽ നിന്നും നൽകി വരുന്നുണ്ട്. |

| | |
|---|---|
| (ഡി) വില്ലേജ് രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (ഡി) ഭൂരേഖാ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ റീസർവ്വെ പൂർത്തിയായതും അല്ലാത്തതുമായ എല്ലാ വില്ലേജുകളിലും അടിസ്ഥാന ഭൂവിവരങ്ങൾ ഘട്ടം ഘട്ടമായി ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1435 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഇതിനകം ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. ബാക്കി വില്ലേജുകളിലെ ഡിജിറ്റൈസേഷൻ നടപടികൾ പുരോഗമിക്കുന്നു. ഈ പദ്ധതി ഘട്ടം ഘട്ടമായാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ